## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 67

27/04/2017-ൽ മറുപടിയ്ക്ക്.

### ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ.ജി.എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ.എൽദോ എബ്രഹാം

(എ) പാൽ വിലയിലുണ്ടായ വർദ്ധനവിന്റെ ഗുണം ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) മിൽമ പാൽ സംഭരണ വിൽപന വിലകൾ 11.02.2017 മുതലാണ് ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുള്ളത്. 2014 ജൂലൈ മാസത്തിലാണ് ഇതിനു മുമ്പ് വർദ്ധിപ്പിച്ചത്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കർഷകർക്ക് ഉൽപാദനചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംഭരണ വില വർദ്ധിപ്പിച്ചു നൽകുന്നതിനായിട്ടാണ് പാൽ വില വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ വർദ്ധിപ്പിച്ച വിൽപന വിലയുടെ 83.75% അതായത് വിൽപന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും 3.35 രൂപയും കർഷകർക്ക് നൽകുകയാണ് ഉണ്ടായത്. അതോടൊപ്പം പാൽ വില ചാർട്ടിൽ കാര്യമായ പരിഷ്കരണം നടത്തുക വഴി കർഷകർക്ക് കൂടുതൽ ഗുണം ലഭിക്കാനായി . സാധാരണയായി പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണവില വർദ്ധിപ്പിക്കുന്നത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ്. എന്നാൽ ഇത്തവണ അത് 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരണ വിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ സംസ്ഥാനത്ത് ഇന്ന് സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിന് ക്ഷീരകർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായിട്ടുണ്ട്. അതായത് പാലിന്റെ വിൽപന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ

കർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായി. ഇത്തവണ പാൽ വില വർദ്ധനവ് മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ കർഷകന് ഏറ്റവും ഗുണകരമാണെന്നും പാൽ വില ചാർട്ട് പരിഷ്കരണത്തിലൂടെ പാൽ വില വർദ്ധനവിന്റെ ഗുണം കർഷകന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖല യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകി വരുന്നു.

പുതുക്കിയ പാൽവില ചാർട്ട് സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന് എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ പാൽ വിലയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവിൽ നിന്ന് ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ ; | (ബി) കാലിത്തീറ്റയുടെ വിലവർദ്ധനവ് മൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1 രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ഉരുക്കൾക്ക് ആവശ്യമായ ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും സബ്സിഡി നിരക്കിൽ സംഘം മുഖേന നൽകി വരുന്നു. കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കടുത്ത വരൾച്ചയെ നേരിടുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വൈക്കോൽ/ പച്ചപ്പുല്ല് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 35 ലക്ഷം ക്ഷം രൂപ അടിയന്തിരമായി അനുവദിച്ചു.<br><br>മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ |

സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്.

കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കെ ഇന്ത്യ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.
അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചു കൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ ലാഭ വിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്.

(സി) തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ഉള്ളതിനാൽ തരിശു കിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുമോ ?

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ, പൊതുമേഖല,സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള തരിശു കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളുടെ ലഭ്യമായ ഭൂമികളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.